പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1605 | 11.08.2017-ലെ മറുപടിക്ക്

## സുശീൽ ഖന്ന റിപ്പോർട്ട്

ചോദ്യം | ഉത്തരം

ശ്രീ.വി.ഡി.സതീശൻ
" ഐ.സി.ബാലകൃഷ്ണൻ
" ഹൈബി ഈഡൻ
" സണ്ണി ജോസഫ്

തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സുശീൽ ഖന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കാമോ; | (എ) യും (ബി) യും | സുശീൽ ഖന്ന കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രൊഫസർ.സുശീൽ ഖന്നയുടെ പ്രാഥമിക ശിപാർശകളുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടയർ റീ-ത്രെഡിംഗ്, എഞ്ചിൻ റീ കണ്ടീഷണിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധന ഉപയോഗക്ഷമത, ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശാസ്ത്രീയമായ വിന്യാസവും, ബസ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ക്രമീകരണങ്ങളും നടത്തുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായി വരുമാന വർദ്ധന വിനുതകുന്ന രീതിയിൽ ഷെഡ്യൂൾ ക്രമീകരണവും നടത്തിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ ശിപാർശകളെ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി അംഗീകൃത, രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുകയുണ്ടായി. ആയതിനെ തുടർന്ന് മെക്കാനിക്കൽ ജീവന |
| (ബി) | റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകളാണ് അംഗീകരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| | | | ക്കാരുടെ സമയക്രമം, ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.<br>മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടീവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി IIM/ദേശീയ തലത്തിൽ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ പഠിച്ചതും സ്വകാര്യ മേഖലയിലെ വലിയ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവരുമായ 2 ജനറൽ മാനേജർ, 3 ഡെപ്യൂട്ടി ജനറൽ മാനേജർ, 5 ചാർട്ടേഡ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യിലെ വിവിധ യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; യൂണിയനുകളുടെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത-രജിസ്റ്റേഡ് തൊഴിലാളി സംഘടനാ നേതാക്കളും, മാനേജ്മെന്റ് പ്രതിനിധികളുമായി 01.04.2017 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, പ്രൊഫ. സുശീൽ ഖന്ന സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച ശുപാർശകളിന്മേൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. യൂണിയൻ നേതാക്കൾ ശുപാർശകളോട് പൊതുവായി അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശുപാർശകൾ പരിശോധിക്കണമെന്നും, റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും ലഭ്യമാക്കി തുടർ ചർച്ചകൾക്കു ശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സിയെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും, തൊഴിലാളി സംഘടനാ നേതാക്കൾ യോഗത്തിൽ അറിയിച്ചു. |

**സെക്ഷൻ ഓഫീസർ**